## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## പാനൂരിലെ ബോംബ് സ്ഫോടനം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 6-6-2015 ഉച്ചയ്ക്ക് 12.30 മണിയോടെ കണ്ണൂർ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ രണ്ടുപേർ മരണമടയുകയും മറ്റ് രണ്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ചെറ്റക്കണ്ടി ഭാഗത്തു വച്ചുണ്ടായ ഈ സ്ഫോടനത്തിൽ 29 വയസ്സുള്ള സുബീഷ്, 34 വയസ്സുള്ള ഷൈജു എന്നിവർ മരണപ്പെട്ടു. നിജീഷ് 28 വയസ്സ്, രതീഷ് 30 വയസ്സ് എന്നിവർ ഗുരുതരമായി പരിക്കേറ്റ് ഇപ്പോൾ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തെത്തുടർന്ന് പോലീസ് ക്രൈം നമ്പർ 489/2015 u/s 304 IPC, Explosive Substances Act 3, 4, 5 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

അത്യന്തം ഗുരുതരവും ദാരുണവുമായ സംഭവമാണ് കണ്ണൂർ കൊളവല്ലൂരിലുണ്ടായത്. മരണമടഞ്ഞവരും പരിക്കേറ്റവരുമായ ഈ യുവാക്കൾ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥലത്തെ സജീവ പ്രവർത്തകരാണ്. മരണമടഞ്ഞ ഷൈജു കോൺഗ്രസ്സ് പ്രവർത്തകരെ ആക്രമിച്ചതുൾപ്പെടെ നാല് ക്രിമിനൽ

കേസിലെ പ്രതിയാണ്. പരിക്കേറ്റ രതീഷ് പോലീസിന് നേരെ ബോംബെറിഞ്ഞ കേസിലെ പ്രതിയാണ്. സംഭവത്തെത്തുടർന്ന് പോലീസ് നടത്തിയ പരിശോധനയിൽ പരിക്കേറ്റ നിജീഷിന്റെ വീടിന്റെ തൊട്ടടുത്തുനിന്ന് സ്റ്റീൽ ബോംബ് പിടിച്ചെടുക്കുകയുണ്ടായി.

പ്രാഥമിക അന്വേഷണത്തിൽ ലഭിച്ച വിവരമനുസരിച്ച് പുറമെ നിന്നുള്ള ആരുടെയും ആക്രമണത്തിലല്ല ഈ ദുരന്തം ഉണ്ടായത്. മറിച്ച് മരണപ്പെട്ടവരും പരിക്കേറ്റവരുമായ യുവാക്കൾ ചെറ്റക്കണ്ടി ഭാഗത്ത് കക്കരോട് കുന്നിനടുത്ത് രഹസ്യമായി ബോംബ് നിർമ്മാണം നടത്തുന്നതിനിടയിൽ ഉണ്ടായ സ്ഫോടനത്തെത്തുടർന്നാണ് ഈ ഭീകരസംഭവം ഉണ്ടായത്. ബോംബ് നിർമ്മാണം അപകടത്തിൽപെട്ടില്ലായിരുന്നുവെങ്കിൽ, മാരകമായ ബോംബുകൾ രാഷ്ട്രീയവിരോധികൾക്കുനേരെ പ്രയോഗിച്ച് കൂടുതൽ അക്രമം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കുമായിരുന്നു എന്ന് ന്യായമായും അനുമാനിക്കാവുന്നതാണ്.

ഈ സംഭവത്തിൽ ജീവൻ നഷ്ടപ്പെടുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത യുവാക്കളുടെ രാഷ്ട്രീയം എന്തായാലും, ഭീകരമായ ഇത്തരം സംഭവങ്ങൾ കേരള സമൂഹത്തിൽനിന്ന് തുടച്ചു നീക്കാൻ രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

രാഷ്ട്രീയപ്രവർത്തനം എന്നാൽ ബോംബ് നിർമ്മാണവും അക്രമവുമല്ല എന്ന സന്ദേശം നമ്മുടെ യുവാക്കൾക്ക് നൽകുവാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കഴിയണം. തികച്ചും പ്രാകൃതവും കേരളീയ സംസ്കാരത്തിന് അങ്ങേയറ്റം അപമാനകരവുമായ ഈ ഭീകര സംഭവത്തെ കേരള നിയമസഭ ഐക്യകണ്ഠേന അപലപിച്ചുകൊണ്ട് ശരിയായ സന്ദേശം സമൂഹത്തിന് നൽകുവാൻ നമുക്ക് കഴിയണം. അതോടൊപ്പം തങ്ങളുടെ പ്രവർത്തകർ ഒരു കാരണവശാലും ഇത്തരം ഭീകരതയിലേക്ക് പോകുന്നില്ല എന്ന് ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്വവും ജനാധിപത്യബോധവും എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രകടിപ്പിക്കണം. രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രോത്സാഹനം ലഭിക്കുമ്പോഴാണ് ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ സമൂഹത്തിൽ തഴച്ചുവളരുന്നത് എന്ന യാഥാർത്ഥ്യത്തിനുനേരെ ഇനിയും ആരും കണ്ണടയ്ക്കരുത്. സംസ്ഥാന ഗവൺമെന്റ് ബോംബ് രാഷ്ട്രീയത്തെ ശക്തമായി അമർച്ചചെയ്യുമെന്ന് അസിന്നിഗ്ദ്ധമായി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കണ്ണൂരിലെ ചില മേഖലകളുടെ ശാപമായി മാറിയ ഇത്തരം ഭീകരതയെ ശക്തമായി നേരിടുവാൻ സംസ്ഥാന പോലീസ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി തലശ്ശേരിയിലും പരിസരത്തും വർഷത്തിൽ 365 ദിവസവും പ്രവർത്തനക്ഷമമായ NSG (നാഷണൽ സെക്യൂരിറ്റി ഗാർഡ്) പരിശീലനം ലഭിച്ച പോലീസ് വിദഗ്ധസംഘത്തെ വിന്യസിക്കുന്നതാണ്. ഈ സ്പെഷ്യൽ ബോംബ് സ്ക്വാഡ് കണ്ണൂർ റേഞ്ച് ഡി.ഐ.ജി യുടെ

നിയന്ത്രണത്തിലായിരിക്കും. അതോടൊപ്പം ഇത്തരം കേസുകളുടെ കാര്യക്ഷമവും സത്വരവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ എല്ലാവിധ നടപടികളും സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ രാഷ്ട്രീയ പാർട്ടികളും ബോംബ് രാഷ്ട്രീയത്തെ നിരുത്സാഹപ്പെടുത്തുന്ന സമീപനം ഇനിയെങ്കിലും സ്വീകരിച്ചുകൊണ്ട് സമാധാനവും ശാന്തിയും ഉറപ്പുവരുത്തുവാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളും വിജയിപ്പിക്കുവാനും സഹകരിക്കുവാനും മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു......(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്....ബഹുമാന്യരായ അംഗങ്ങൾ ഇരുന്നേ.....(ബഹളം)... പ്ലീസ്.... (ബഹളം).....